മു
ദ്ര
ക
ൾ

# സർക്കോസിയും കുളിമുറിയിലെ കുഞ്ഞാടും

**നിക്കളോസ്** സർക്കോസി ഫ്രഞ്ച് ജനാധിപത്യത്തെ അപകടപ്പെടുത്തുമെന്ന് അസൂസ് ബഖാഖ്. അടുത്ത് നടക്കാനിരിക്കുന്ന ഫ്രഞ്ച് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയുടെ സ്ഥാനാർഥിയാണ് സർക്കോസി. പ്രവാസികളോടും മതന്യൂനപക്ഷങ്ങളോടും ഒരു വലതുപക്ഷ തീവ്രവാദിയെപ്പോലെ പെരുമാറുന്ന സർക്കോസി ഫ്രാൻസിന്റെ അഖണ്ഡതക്ക് തന്നെ ഭീഷണിയായേക്കും.

അസൂസ് ബഖാഖിന്റെ 'കുഞ്ഞാട് കുളിമുറിയിലാണ്' (The Lamb is in the Bathroom) എന്ന ഏറ്റവും പുതിയ പുസ്തകത്തിലാണ് സർക്കോസിക്കെതിരെ ആഞ്ഞടിച്ചിരിക്കുന്നത്. നിലവിലുള്ള മന്ത്രിസഭയിൽ അംഗമായിരുന്നു അൾജീരിയൻ വംശജനായ അസൂസ് ബഖാഖ്. സർക്കോസിയുടെ വർണവിവേചന നയങ്ങളിൽ പ്രതിഷേധിച്ച് ഈ മാസം അദ്ദേഹം മന്ത്രിസഭയിൽനിന്ന് രാജിവെക്കുകയായിരുന്നു. ബലിപെരുന്നാളിലെ ബലിയെ പരിഹസിച്ചുകൊണ്ട് സർക്കോസി നടത്തിയ ഒരു പ്രയോഗമാണ് പുസ്തകത്തിന്റെ ശീർഷകമായി കൊടുത്തിരിക്കുന്നത്.

മന്ത്രിസഭാംഗമായിരിക്കെ സർക്കോസിയിൽനിന്ന് തനിക്കുണ്ടായ ദുരനുഭവങ്ങൾ ബഖാഖ് വിവരിക്കുന്നുണ്ട്. ന്യൂനപക്ഷങ്ങളെ സർക്കോസി തെണ്ടികളെന്ന് വിളിച്ച് അധിക്ഷേപിക്കുകയുണ്ടായി. പാരീസിന്റെ പ്രാന്തങ്ങളിൽ പൊട്ടിപ്പുറപ്പെട്ട കലാപങ്ങളെ ആളിപ്പടർത്തിയത് ഈ അധിക്ഷേപമായിരുന്നു. ഫ്രഞ്ച് ദേശീയ ഫുട്ബോൾ താരം ലിലിയൻ തുറാമും സർക്കോസിക്കെതിരെ രംഗത്തുവന്നിട്ടുണ്ട്. "വർണവെറിയൻ സംസാരമാണ് സർക്കോസിയുടേത്. മുസ്‌ലിം, കറുത്തവൻ എന്നിങ്ങനെ സമൂഹത്തെ നെടുകെ പിളർത്തുകയാണ്. ഇതുവഴി മറ്റുള്ളവരെ അന്യരായി കാണാനാണ് പഠിപ്പിക്കുന്നത്. ഇത് വളരെ അപകടകരമാണ്"- തുറാം പറഞ്ഞു.

ഫ്രാങ്കോയിസ് ബൈറുവാണ് പ്രസിഡന്റാകാൻ ഏറ്റവും യോഗ്യൻ എന്നാണ് ബഖാഖിന്റെ അഭിപ്രായം. ഫ്രാൻസിലെ ഏതു തെരുവിലും അദ്ദേഹം സ്വീകാര്യനാണ്. ചില തെരുവുകളിൽ പ്രചാരണത്തിനു പോലും ഇറങ്ങാൻ പേടിക്കുന്ന സർക്കോസിയേക്കാൾ എന്തുകൊണ്ടും യോഗ്യനല്ലേ ബൈറു? ബഖാഖ് ചോദിക്കുന്നു.

ബഖാഖിന്റെ പുസ്തകം സർക്കോസിയെ നന്നായി അരിശം കൊള്ളിച്ചിട്ടുണ്ട്. ഫോണിൽ കൂടി കുറേ തെറി പറഞ്ഞ ശേഷം 'നിന്റെ മോന്ത ഞാൻ അടിച്ചു പരത്തും' എന്ന് സർക്കോസി ഭീഷണിപ്പെടുത്തിയത്രെ.

ഇരുപതോളം നോവലുകൾ എഴുതിയിട്ടുണ്ട് ബഖാഖ്. ഫ്രാൻസിൽ പ്രവാസികളും ന്യൂനപക്ഷങ്ങളും നേരിടുന്ന പ്രശ്നങ്ങളാണ് എല്ലാറ്റിന്റെയും പ്രമേയം. ഫ്രാൻസിൽ അറബ് വംശജരായ മുസ്‌ലിംകളുടെ, വർണവിവേചനത്തിനെതിരെയുള്ള പോരാട്ടത്തിന്റെ കഥ പറയുന്ന My Sons and Paradise ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. ■

# ആത്മഹത്യക്ക് കാരണങ്ങൾ പരതുമ്പോൾ

**എല്ലാ** വർഷവും സെപ്റ്റംബർ പത്ത് ലോക ആത്മഹത്യാവിരുദ്ധ ദിനമാണ്. ആത്മാഹുതിയുടെ പെരുപ്പമാണ് ബോധവത്കരണത്തിനായി ഒരു ദിനം തെരഞ്ഞെടുക്കാനുള്ള കാരണം. ഏറ്റവുമൊടുവിലത്തെ കണക്കു പ്രകാരം ഒരു മില്യൻ കവിഞ്ഞിരിക്കുന്നു വർഷം തോറും സ്വയം ജീവനൊടുക്കുന്നവരുടെ എണ്ണം. യുദ്ധങ്ങളിലും അതിക്രമങ്ങളിലും കൊല്ലപ്പെടുന്നവരേക്കാൾ കൂടുതലാണിത്. മുപ്പത്തിയഞ്ച് വയസ്സിനു താഴെയുള്ളവരിൽ ഏറ്റവും മുഖ്യ മരണകാരണം ആത്മഹത്യയാണ്. സ്ത്രീകളേക്കാൾ മൂന്നിരട്ടി പുരുഷന്മാർ ആത്മഹത്യ ചെയ്യുന്നുണ്ട്. കഴിഞ്ഞ ദശകത്തിൽ ആത്മഹത്യ ചെയ്യുന്ന സ്ത്രീകളുടെ എണ്ണത്തിലും വൻ വർധനവ് കാണുന്നു. ഓരോ 40 സെക്കന്റിലും ഒരു ആത്മഹത്യ നടക്കുന്നുവെന്നാണ് ലോകാരോഗ്യ സംഘടന നൽകുന്ന കണക്ക്.

മാനസിക രോഗം, ദാരിദ്ര്യം, ലഹരിക്കടിപ്പെടൽ, സാമൂഹികമായ ഒറ്റപ്പെടൽ, ഉറ്റവരുടെ വേർപാട്, തൊഴിൽപ്രശ്നങ്ങൾ തുടങ്ങിയവ ആത്മഹത്യ ചെയ്യാൻ കാരണമായിത്തീരുന്നുണ്ട്. എന്നാൽ, പ്രത്യയശാസ്ത്രപരവും വിശ്വാസപരവുമായ പ്രതിസന്ധിയാണ് ആത്മഹത്യാപ്രവണത വളർത്തുന്നതെന്ന് കണ്ടെത്താൻ പ്രയാസമില്ല. പാശ്ചാത്യലോകത്ത് തന്നെ കമ്യൂണിസ്റ്റ് നാടുകളിൽ ആത്മഹത്യാ നിരക്ക് കൂടാൻ അതാണ് കാരണം. ക്രൈസ്തവ ലോകത്തെ അപേക്ഷിച്ച് മുസ്‌ലിംലോകത്ത് ആത്മഹത്യ വിരളമാണെന്നതും ചിന്താവിഷയമാക്കേണ്ടതാണ്. ■

# 83 വർഷമായി തുടരുന്ന നിഗൂഢത

**പതിമൂന്ന്** നൂറ്റാണ്ട് നിലനിന്ന ഇസ്‌ലാമിക ഖിലാഫത്ത് ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെട്ടിട്ട് 83 വർഷമാകുന്നു. 1924 മാർച്ച് നാലിനാണ് അത് സംഭവിച്ചത്. ചരിത്രത്തിന്റെ ദിശ തിരുത്തിയ ഒരു സംഭവമായിരുന്നു അതെന്ന കാര്യത്തിൽ ആർക്കുമില്ല സംശയം. പക്ഷേ, ഇത്രയേറെ വർഷം കഴിഞ്ഞിട്ടും ആ സംഭവത്തിന്റെ നിജഃസ്ഥിതി ഇന്നും ലോകത്തിന് അറിയാൻ കഴിഞ്ഞിട്ടില്ല. ആ ചരിത്രസംഭവത്തിനു ചുറ്റും നിഗൂഢതയുടെ കടുത്ത ആവരണമുണ്ട്.

ഒന്നാം ലോകയുദ്ധത്തിൽ തുർക്കി പരാജയപ്പെട്ട ശേഷം അങ്കാറയുടെ ഭരണം കമാൽ അത്താത്തുർക്ക് കൈയടക്കി. ഇസ്തംബൂളിൽ അപ്പോഴും ഉസ്മാനി ഖലീഫ വഹീദുദ്ദീൻ പേരിന് ഭരണത്തിലുണ്ട്. ഇസ്തംബൂളിൽ സൈനികാധിനിവേശം നടത്തിയ സഖ്യകക്ഷികളുടെ തടവുകാരനായിരുന്നു അദ്ദേഹം. യുദ്ധത്തിൽ തോറ്റ രാഷ്ട്രങ്ങളുടെ ഭാവി ചർച്ച ചെയ്യാനായി സ്വിറ്റ്സർലണ്ടിലെ ലൂസാൻ നഗരത്തിൽ സഖ്യരാജ്യങ്ങൾ ഒരുമിച്ചിരുന്നപ്പോൾ, സന്ധി സംഭാഷണങ്ങളിലേക്ക് കമാൽ അത്താത്തുർക്കിനെയും ഖലീഫയെയും ക്ഷണിച്ചിരുന്നു. ഒരേ രാജ്യത്തെ പ്രതിനിധീകരിച്ച് രണ്ട് കക്ഷികൾ. ആത്മരക്ഷാർഥം ഖലീഫ വഹീദുദ്ദീൻ ഇസ്തംബൂളിൽനിന്ന് ഓടിപ്പോയി. പകരം ഖലീഫയായത് അബ്ദുൽ ഹമീദ് രണ്ടാമനായിരുന്നു.

ബ്രിട്ടനും മറ്റും ഇടപെട്ട് ഖിലാഫത്തിനെ നിഷ്കാസനം ചെയ്യുന്നതും അത്താത്തുർക്കിനെ തുർക്കിയുടെ ഏക ഭരണാധികാരിയാക്കുന്നതുമാണ് പിന്നീട് കാണാൻ കഴിഞ്ഞത്. അബ്ദുൽ ഹമീദ് രണ്ടാമനെയും കുടുംബത്തെയും നാടുകടത്തി. ഖിലാഫത്തിനെ ഉന്മൂലനം ചെയ്യാൻ നേരത്തേ ഉദ്ദേശ്യമില്ലായിരുന്നു എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. തുർക്കിയിലും മറ്റു മുസ്‌ലിംപ്രദേശങ്ങളിലും ഖിലാഫത്തിനെ സംരക്ഷിക്കണമെന്ന മുറവിളി ശക്തവുമായിരുന്ന പശ്ചാത്തലത്തിൽ പ്രത്യേകിച്ചും. ഇതൊക്കെ അവഗണിച്ച് ഇങ്ങനെയൊരു തീരുമാനമെടുത്തതിനു പിന്നിൽ നിരവധി ഗൂഢാലോചനകൾ നടന്നിട്ടുണ്ടാവണം. അതാണ് ഇപ്പോഴും വെളിപ്പെടാതെ കിടക്കുന്നത്.

തുർക്കിയിലെ 'ടർക്കിഷ് ചരിത്രസമിതി'യുടെ ഉടമസ്ഥതയിലുള്ള ഒരു ഇരുമ്പുപെട്ടിയിൽ ഇതുസംബന്ധമായ ചരിത്രരേഖകളുണ്ട്. അവ പരിശോധിക്കാൻ ഇന്നേവരെ ഒരാൾക്കും പട്ടാള ഭരണകൂടം അനുവാദം കൊടുത്തിട്ടില്ല. അവ പുറത്തായാൽ കമാൽ അത്താത്തുർക്കിന്റെ വ്യക്തിത്വത്തിന് മങ്ങലേൽക്കുമത്രെ. അബ്ദുൽ ഹമീദ് രണ്ടാമന്റെയും അത്താത്തുർക്കിന്റെ ഭാര്യ ലത്വീഫ(ഇവർ പിന്നീട് വേർപിരിഞ്ഞു)യുടെയും ഓർമക്കുറിപ്പുകൾ പ്രസിദ്ധീകരിക്കാൻ ഭരണകൂടം അനുമതി നൽകിയില്ല. അത്താത്തുർക്കിന്റെ മന്ത്രിസഭയിൽ ആരോഗ്യമന്ത്രിയായിരുന്ന ഡോ. രിദാ നൂർ, അത്താത്തുർക്കുമായി തെറ്റിപ്പിരിഞ്ഞ ശേഷം നാല് വാള്യങ്ങളുള്ള ഓർമക്കുറിപ്പ് എഴുതി ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചു. രിദാ നൂർ മരിച്ച് വർഷങ്ങൾക്കു ശേഷം 1960-ൽ അത് തുർക്കിയിൽ പ്രസിദ്ധീകരിച്ചു. അത്താത്തുർക്കിനെ രൂക്ഷമായി അതിൽ വിമർശിച്ചിരുന്നു. പുസ്തകം പുറത്തിറങ്ങിയ ഉടനെ ഭരണകൂടം അത് മാർക്കറ്റിൽനിന്ന് പിൻവലിക്കുകയും പ്രസാധകനെ ജയിലിലിടുകയും ചെയ്തു.

കമാൽ അത്താത്തുർക്കിന്റെ വ്യക്തിത്വം തകരുന്നെങ്കിൽ തകരട്ടെ, ഭരണകൂടം ഒളിപ്പിച്ചുവെച്ച രേഖകൾ പുറത്തുവിടണം എന്ന ആവശ്യം തുർക്കിയിൽ ഉയർന്നുതുടങ്ങിയിരിക്കുന്നു. ഭരണത്തിൽ പട്ടാളം പിടിമുറുക്കുന്നേടത്തോളം കാലം ആ ആവശ്യം അംഗീകരിക്കപ്പെടാനുള്ള സാധ്യത കാണുന്നില്ല. ■

# ബ്രിട്ടീഷ് മുസ്‌ലിംകൾ കൂടുതൽ ദേശക്കൂറുള്ളവർ: സർവേ

**ബ്രിട്ടനിലെ** മുസ്‌ലിംകൾ മറ്റു ബ്രിട്ടീഷ് പൗരന്മാരേക്കാൾ കൂടുതൽ രാജ്യത്തോട് കൂറ് പുലർത്തുന്നവരാണെന്ന് ഒരു ഗ്യാലപ്പ് പോൾ റിപ്പോർട്ട്. മുസ്‌ലിംകൾ ബ്രിട്ടീഷ് ദേശീയധാരയിൽ ചേരാൻ വിമുഖത കാണിക്കുന്നു എന്ന തൽപരകക്ഷികളുടെ ആരോപണത്തിന്റെ മുനയൊടിച്ചിരിക്കുകയാണ് ഈ റിപ്പോർട്ട്. അന്യമത വിശ്വാസങ്ങളെ കൂടുതൽ ആദരിക്കുന്നത് മുസ്‌ലിംകളാണെന്നും ഇതര മതസ്ഥരുമായി ഇടകലർന്ന് ജീവിക്കാൻ അവർ മറ്റുള്ളവരേക്കാൾ താൽപര്യം കാണിക്കുന്നുവെന്നും വ്യക്തമാവുകയുണ്ടായി.

*ഗ്യാലപ്പ് ഓർഗനൈസേഷൻ* 500 മുസ്‌ലിംകളെയും 12000 മറ്റു മതസ്ഥരായ പൗരന്മാരെയുമാണ് ഇന്റർവ്യൂ ചെയ്തത്. പോലീസിലും (78%-69%) ദേശീയ ഭരണകൂടത്തിലും (64%-36%) നീതിന്യായ വ്യവസ്ഥയിലും (67%-55%) തെരഞ്ഞെടുപ്പുകളിലും (73%-60%) കൂടുതൽ വിശ്വാസം രേഖപ്പെടുത്തിയതും മുസ്‌ലിംകളായിരുന്നു. പൊതുസമൂഹത്തിൽ 45 ശതമാനം മാത്രമേ മുസ്‌ലിംകൾ ദേശക്കൂറുള്ളവരാണെന്ന് കരുതുന്നുള്ളൂ. സ്ത്രീകൾ നിഖാബോ ഹിജാബോ ധരിക്കുന്നത് ദേശീയോദ്ഗ്രഥനത്തിന് തടസ്സമല്ലെന്ന് ഭൂരിഭാഗം മുസ്‌ലിംകളും കരുതുന്നു. അവരിൽ 13 ശതമാനത്തിനു മാത്രമേ ഹിജാബ് ഉദ്ഗ്രഥനത്തിന് ഒഴിവാക്കേണ്ടതാണെന്ന അഭിപ്രായമുള്ളൂ. അതേസമയം പൊതുസമൂഹത്തിൽ 55 ശതമാനം പേർ ഹിജാബിനെതിരാണ്. ■